കാസർഗോഡ് ജില്ലയിൽ കോടതികൾ അനുവദിക്കാൻ നടപടി

44 (T 7603) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി കോടതികൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ മുൻഗണനാക്രമവും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 6-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1919/2009/ആഭ്യന്തരം പ്രകാരം മുൻഗണന പട്ടികയിൽ നമ്പർ 1 ആയി കാസർഗോഡ് അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിയും നമ്പർ 26-ആയി കാസർഗോഡ് ജില്ലയിലെ വെള്ളരികുണ്ടിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും സ്ഥാപിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 17-4-2012-ലെ സ.ഉ. (സാധാ) നമ്പർ 1159/12/ആഭ്യന്തരം പ്രകാരം പുതുക്കിയ മുൻഗണനാ പട്ടികയനുസരിച്ച് നമ്പർ 1 ആയി കാസർഗോഡ് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ

45 (7604) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ എവിടെയെല്ലാം ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ അപ്രകാരമൊരു കോടതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കൊയിലാണ്ടി കോടതി ഇതിനായി പരിഗണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് 3-6-2009-ലെ ജി.ഒ. (പി) 22/09/ SWD ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലെയും Principal Sessions കോടതികളെ ഈ ആവശ്യത്തിലേക്ക് പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് കേസ്സുകൾ വിചാരണ ചെയ്യുന്നതിനായി എറണാകുളത്ത് ഒരു അഡീഷണൽ സെഷൻസ്

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly